# ജലം കൃഷി മാധ്യമപ്രവർത്തനം: ശ്രീപദ്രേയ്ക്ക് പറയാനുള്ളത്

മിനി കെ.

*കർഷകൻ, പത്രപ്രവർത്തകൻ, സാമൂഹ്യ പ്രവർത്തകൻ, പരിസ്ഥിതി പ്രവർത്തകൻ, ഫോട്ടോഗ്രാഫർ, ഗ്രന്ഥകർത്താവ്.... പദ്രേ ആരെന്നു ചോദിച്ചാൽ മുകളിൽ പറഞ്ഞവയെല്ലാം എന്നാവാം ഏറ്റവും പറ്റിയ ഉത്തരം. ആരെന്നു നേരിട്ടു ചോദിക്കൂ. ഉത്തരം കർഷകൻ എന്നാവും. ദക്ഷിണഭാരതത്തിൽ അദ്ദേഹം കൂടുതൽ അറിയപ്പെടുക മഴകൊയ്ത്തിന്റെ മനുഷ്യൻ എന്നാവും. അഡികെ പത്രികെയുടെ (അടയ്ക്കാമാസിക എന്നു വിവർത്തനം) മുഖ്യപത്രാധിപരെ മാധ്യമപ്രവർത്തകൻ എന്നല്ലാതെന്തുവിളിക്കും ? എൻഡോസൾഫാനെതിരെ നടക്കുന്ന ക്യാമ്പയിന്റെ മുൻനിരയിൽ ഉള്ളവരിലൊരാൾ തീർച്ചയായും ഒരു പരിസ്ഥിതി പ്രവർത്തകൻ ആവണ്ടേ ? അദ്ദേഹത്തിന്റെ ക്യാമറക്കണ്ണുകൾ ഒപ്പിയെടുത്ത ചിത്രങ്ങൾ കാണുമ്പോൾ ആരാണീ ഫോട്ടോഗ്രാഫർ എന്ന് അത്ഭുതപ്പെടുകയുമാവാം തൂലിക കർഷക കരങ്ങളിലേക്ക് എന്ന ആശയത്തിലൂടെ കാർഷിക മാധ്യമ രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുവാൻ ആവുമെന്നു ശ്രീപദ്രേ അഡികെ പത്രികെ യിലൂടെ തെളിയിച്ചു. ഈ വിഷയത്തിൽ ധാരാളം ശില്പശാലകൾ നടത്തുന്നു. കഴിഞ്ഞ പത്തുവർഷത്തോളം അദ്ദേഹം ചിലവഴിച്ചത് കർണ്ണാടകയിലേയും കേരളത്തിലേയും ഗ്രാമങ്ങളിൽ അലഞ്ഞുനടന്ന് മഴവെള്ളകൊയ്ത്തിനായുള്ള മാർഗങ്ങളെ കുറിച്ചുള്ള അന്വേഷണത്തിനായും അതിന്റെ പ്രചരണത്തിനുമായാണ്. ഈ വിഷയത്തിൽ കന്നടയിലും ആംഗലേയഭാഷയിലുമായി (Rain water harvesting, Alter Media) ഏഴുപുസ്തകങ്ങൾ എഴുതി. വിജയ കർണ്ണാടക എന്ന കന്നട ദിനപത്രത്തിൽ എല്ലാ ബുധനാഴ്ചകളിലും മണ്ണ്-ജലസംരക്ഷണത്തെക്കുറിച്ച് കോളം എഴുതുന്നു. ഒരിക്കൽ ദേവഫലമെന്ന ഖ്യാതിയുണ്ടായിരുന്ന, ഇപ്പോൾ അവഗണിക്കപ്പെടുന്ന ചക്കയുടെ കൃഷിയും വിപണനവും പ്രോത്സാഹിപ്പിക്കാൻ പത്തനംതിട്ട കാർഡ് കൃഷിവിജ്ഞാൻകേന്ദ്രം സംഘടിപ്പിച്ച ശില്പശാലയിലെ മുഖ്യപ്രഭാഷകനായി എത്തിയ ശ്രീപദ്രേയുമായി നടത്തിയ അഭിമുഖം.*



**കർഷകൻ എന്നു സ്വയം പരിചയപ്പെടുത്തുന്ന താങ്കൾ ഒരു കാർഷിക പ്രസിദ്ധീകരണത്തിന്റെ പത്രാധിപർ എന്ന നിലയിൽ കാർഷിക മാധ്യമ രംഗത്തെ പ്രവണതകളെ എങ്ങനെ വിലയിരുത്തുന്നു?**

. ഇന്ത്യയിലെ കാർഷികമാധ്യമരംഗം ഇന്നും ശൈശവാവസ്ഥയിലാണ് . ഒരിക്കൽ പോലും മണ്ണിൽ ഇറങ്ങിയിട്ടില്ലാത്തവരോ കൃഷി ചെയ്തിട്ടില്ലാത്തവരോ ആണ് കർഷകനുവേണ്ടി എഴുതുന്നത്. കൃഷി ചെയ്യുന്നവൻ എഴുതുന്നില്ല; എഴുതുന്നവൻ കൃഷി ചെയ്യുന്നുമില്ല. ഈ ഒരൊറ്റവാചകത്തിൽ കാർഷിക മാധ്യമരംഗത്തിന്റെ വാട്ടർലൂ നമുക്ക് മുൻകൂട്ടികാണാം. ഈ വിടവ് നികത്തുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. "Pen to Farmers" എന്ന ആശയം ഈ ചിന്തയിൽ നിന്നും രൂപം കൊണ്ടതാണ്. അഡികെ പത്രിക യിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്നാമത്തേത് കൃഷിക്കാർക്ക് അവശ്യം വേണ്ടതും എന്നാൽ എളുപ്പം ലഭ്യമല്ലാത്തതുമായ വിവരങ്ങൾ ലഭ്യമാക്കുക എന്നത്; രണ്ടാമത്തേതാവട്ടേ, അതു കേവലം അനുമാനങ്ങളിൽ അധിഷ്ഠിതമായിട്ടുള്ളതാകരുത് എന്നുള്ളതും. ഒരു പുതിയ വിള അല്ലെങ്കിൽ കൃഷിരീതി വരുമ്പോൾ അതു പരീക്ഷിച്ചിട്ടുള്ള ഒരു കർഷകനെ തേടികണ്ടുപിടിച്ച് അദ്ദേഹത്തിന്റെ അനുഭവം, ജയപരാജയങ്ങൾ, അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ കഴിവതും അദ്ദേഹത്തിന്റെ വാക്കുകളിലൂടെത്തന്നെ, അറിവുതേടുന്ന മറ്റൊരു കൃഷിക്കാരനിലേക്ക് സംവദിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ അത്ഭുതാവഹങ്ങളായ ഫലങ്ങളാണ് തന്നത്. ഒരു കൃഷിക്കാരന് മറ്റൊരു കൃഷിക്കാരനോട് കള്ളം പറയാനാവില്ല, അപൂർവ്വമായി ചില അപവാദങ്ങൾ ഉണ്ടാകാമെങ്കിലും. നൊന്തുപ്രസവിച്ച ഒരു സ്ത്രീയ്ക്ക്, പേറ്റുനോവിനെക്കുറിച്ച് അന്വേഷിക്കുന്ന നവവധുവിനോട് കള്ളം പറയാനാവുമോ? ഓരോ കൃഷിയും ഓരോ പേറ്റുനോവെന്നു പറയാം. മറ്റൊരു കാര്യം അനാവശ്യമായ സ്ഥിതിവിവരക്കണക്കുകളോ ഊതിപ്പെരുപ്പിച്ച ലാഭക്കണക്കുകളോ ഒരു കർഷകൻ എഴുതുമ്പോൾ ഉണ്ടാവില്ല എന്നുള്ളതാണ്. തന്റെ ആശയങ്ങൾ മറ്റുള്ളവരുമായി ഭംഗിയായി പങ്കുവെയ്ക്കാൻ കഴിവുള്ള കർഷകർ നമുക്കു ചുറ്റുമുണ്ട്. അവരെ പരിശീലിപ്പിച്ച് കാർഷിക മാധ്യമപ്ര

വർത്തനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് ഞങ്ങളുടെ ശ്രമം. നമ്മുടെ ഇടയിൽ തന്നെയുള്ള, നമ്മിലൊരാളുടെ അനുഭവകഥകൾക്ക് പ്രചോദനം നല്കാനാവുന്നത്ര മറ്റൊന്നിനും കഴിയില്ല. ഭാഷയുടെ അതിർവരമ്പുകൾ പോലും അതിനു തടസ്സമാവില്ല.

ഇതിനുസമാന്തരമായി CAM (Centre for Agricultural Media) എന്ന പേരിൽ മറ്റൊരു പ്രോഗ്രാമിന് ഞങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സെന്റർ വഴി കാർഷിക മാധ്യമരംഗത്ത് കടന്നുവരാൻ തയ്യാറായിട്ടുള്ളവർക്കുള്ള ഒരു ഡിപ്ലോമ കോഴ്സും നടത്തിവരുന്നു.

**ജലസംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലൂടെയാണ് കേരളം താങ്കളെ കൂടുതലായറിയുന്നത്. ഈ രംഗത്തേക്ക് ആകർഷിക്കപ്പെടാനുണ്ടായ സാഹചര്യങ്ങൾ?**

തൊണ്ണൂറുകളുടെ മധ്യത്തോടെയാണ് കാർഷിക വനവൽക്കരണം, മഴവെള്ളക്കൊയ്ത്ത് എന്നീ രംഗങ്ങളിൽ ഞങ്ങൾ കൂടുതൽ ശ്രദ്ധപതിപ്പിച്ചു തുടങ്ങിയത്. ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സമരങ്ങളും അടിയന്തിരശ്രദ്ധ അർഹിക്കുന്ന വിഷയങ്ങളാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. ഇതിനായി ഒരു വ്യക്തി എന്ന നിലയിൽ എനിക്കെന്തുചെയ്യാനാകും, നിങ്ങൾക്കെന്തുചെയ്യാനാകും എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താതെ പ്രശ്നപരിഹാരം ഉണ്ടാവില്ല, എന്ന് ഞങ്ങൾക്കറിയാമായിരുന്നു. സർക്കാർ സ്ഥാപനങ്ങളെ സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. സാധാരണ ഒരു മനുഷ്യന് കാര്യമായൊന്നും ചെയ്യാനില്ലാത്ത ജലസംരക്ഷണ പ്രവർത്തനങ്ങളാണ് സർക്കാർ ഏജൻസികളുടേത് എന്നറിഞ്ഞതോടെ ഈ മേഖലയിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലാൻ തീരുമാനിച്ചു. വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ ദുർഗ്രാഹ്യങ്ങളായ പാഠപുസ്തകങ്ങളുടെ രൂപത്തിലാണ് മറുപടികൾ വന്നത്. ഞങ്ങൾ അവരോടു പറഞ്ഞു. പാഠപുസ്തകങ്ങളോട് ഞങ്ങൾക്ക് സംശയങ്ങൾ ചോദിക്കാനാവില്ല. ഈ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കടുത്ത ജലക്ഷാമം പരിഹരിച്ച ഒരാളെ, അല്ലെങ്കിൽ ഒരിടം കാട്ടിത്തരൂ. ഞങ്ങൾക്ക് ഞങ്ങളുടെ സംശയങ്ങൾ തീർക്കാനാവും. അന്വേഷണ വഴിയിൽ ആദ്യം കണ്ടെത്തിയത് കണ്ണൂരിലെ ഒരു പരിസ്ഥിതി സംഘടനയായ കണ്ണൂർ വാട്ടർ കൺസർവേഷൻ അസ്സോസിയേഷൻ ജന പങ്കാളിത്തത്തോടെ നടത്തിയ ചില ജലസംരക്ഷണ പ്രവർത്തനങ്ങളാണ്. പിന്നീട് സാരംഗ്, രാജേന്ദ്രസിംഗ്, റ്റി.ജി. മാത്യു, അബ്ദുൾ കരീം - ധാരാളം വിജയഗാഥകൾ കണ്ടെത്തി പ്രചരിപ്പിക്കാൻ സാധിച്ചു. ആദ്യം അല്പം പതുക്കെ ആയിരുന്നെങ്കിലും പിന്നീട് ഈ ഉദ്യമം വിജയം കണ്ടു. പ്രശ്നം എത്ര വലുതാണെങ്കിലും, സങ്കീർണ്ണമാണെങ്കിലും നമുക്കു ചെയ്യാനാകുന്ന പ്രശ്നപരിഹാരമാർഗ്ഗമുണ്ടെങ്കിൽ, കണ്ടും കേട്ടും പഠിക്കാനുള്ള ഒരു മാതൃകയുണ്ടെങ്കിൽ, നാം തീർച്ചയായും അതു പരീക്ഷിക്കാൻ തയ്യാറാകും.

**കാർഷികരംഗത്തും സമാനപ്രശ്നങ്ങളില്ലേ? പ്രത്യേകിച്ച് ജൈവകൃഷിയുടെ കാര്യത്തിൽ?**

തീർച്ചയായും അതാതുപ്രദേശങ്ങളിൽ കണ്ടുപഠിക്കാനും അനുകരിക്കാനുള്ള ഒരു മാതൃക ഇല്ല എന്നുള്ളതാണ് ഇവിടെയും പ്രശ്നം. കർണ്ണാടകയിലെ ഒരു വിജയകഥ കേരളത്തിലെ ഒരു കൃഷിക്കാരന് പ്രചോദനമാകണമെന്നില്ല. തിരുവനന്തപുരത്തുള്ള ഒരു കൃഷിക്കാരന്റെ അനുഭവം പറഞ്ഞ് പത്തനംതിട്ടയിലുള്ള ഒരാളെ പൂർണ്ണമായി ബോധ്യപ്പെടുത്താൻ നമുക്കാവില്ല. മറ്റുള്ളത് എത്രമികച്ചതെന്ന് അവകാശപ്പെട്ടാലും വിശ്വാസം ജനിക്കണമെന്നില്ല. പ്രാദേശികമായ വിജയങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. അവിശ്വസിക്കുക എന്നതും ഒരു രീതിയിലുള്ള ആശയപ്രകടനം തന്നെയല്ലേ?

**മഴവെള്ളക്കൊയ്ത്തിനായി നടത്തുന്ന പദ്ധതികളുടെ ഫലപ്രാപ്തി അളക്കുവാൻ ഏത് മാർഗ്ഗമാണ് താങ്കൾ സ്വീകരിക്കുക?**

ഞാൻ ഒരു സാധാരണക്കാരനാണ്, സാധാരണക്കാരന് മനസ്സിലാക്കാവുന്ന മാർഗ്ഗമേ ഞാൻ അവലംബിക്കാറുള്ളു. കഴിഞ്ഞ അഞ്ചാറുവർഷമായി വേനൽക്കാലത്ത് വറ്റിയിരുന്ന കിണറ്റിൽ ഏപ്രിൽ-മെയ് മാസത്തിൽ വെള്ളമുണ്ടെങ്കിൽ, പിന്നീട് ആ കിണർ ഒരിക്കലും വറ്റുന്നില്ലായെങ്കിൽ, സങ്കിർണ്ണമായ പരിശോധനകളെന്തെങ്കിലും ആവശ്യമുണ്ടോ അതിന്റെ ഫലപ്രാപ്തി അളക്കുവാൻ?

**Water Journalism നമുക്ക് താരതമ്യേന പുതിയ ഒരു പദമാണ് എന്നു പറയാം.എന്താണ് ഇത്തരമൊരു മാധ്യമപ്രവർത്തനത്തിന്റെ ആവശ്യകത? ഈ മേഖലയിൽ എത്ര മാത്രം പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.?**

ന്യൂനതകളും പരിമിതികളും ഉണ്ടായിക്കോട്ടെ, സാമൂഹ്യപരിവർത്തനത്തിൽ മാധ്യമങ്ങളുടെ പങ്കിനെക്കുറിച്ച് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നാൾക്കുനാൾ കൂടിവരുന്നു. ജലനയങ്ങളെക്കുറിച്ച് നാം വാചാലരാക്കുന്നു, ധാരാളം സ്വപ്നങ്ങൾ കാണുന്നു. സിനിമ. ഫാഷൻ, ക്രൈം, രാഷ്ട്രീയം-തുടങ്ങിയ മേഖലകളിൽ നമുക്ക് മാധ്യമപ്രവർത്തകർ ഉണ്ട്. എന്നാൽ ജീവന്റെ നിലനിൽപ്പിന് ആവശ്യമായ ജലം എന്ന അടിസ്ഥാന പ്രശ്നം കൈകാര്യം ചെയ്യാൻ പ്രത്യേക മേഖല വേണം എന്ന് തോന്നി. ഈ മേഖലയിൽ ആഴത്തിലുള്ള അറിവ് സമ്പാദിക്കാതെയുള്ള എഴുത്ത് ഗുണത്തേക്കാളേറെ ദോഷമാവും ചെയ്യുക എന്നും അറിയാമായിരുന്നു. അപ്പോഴാണ് ബാഗ്ലൂരിലുള്ള CDL ( Commnication for Development and Learning) എന്നസംഘടന ഇതു പ്രചരിപ്പിക്കാനായി മുന്നോട്ടു വന്നത്. ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഡെക്കാൻ ഹേരാൾഡ് പ്രജാപതി ഡെയ്‌ലി ഗ്രൂപ്പ് അവരുടെ സ്റ്റാഫിനെ "Water journalism" -എന്ന രംഗത്ത് അവബോധം സൃഷ്ടിച്ച് സംവേദനക്ഷമമാക്കാൻ ഈ വിഷയത്തിൽ

ആഴത്തിലുള്ള ഒരു അറിവു സൃഷ്ടിക്കാനുതകുന്ന മൊഡ്യൂൾ ഞങ്ങൾ തയ്യാറാക്കി, എല്ലാ വിഭാഗങ്ങളിലുള്ള സ്റ്റാഫിനും പരിശീലനം നൽകി. ഇതിൽ കുറച്ചുപേരെങ്കിലും ഈ രംഗത്തേക്ക് താൽപര്യപൂർവ്വം കടന്നുവന്നാൽ ജീവ-ജലം സംരക്ഷിക്കാനായിട്ടുള്ള പ്രയാണത്തിൽ അവർക്ക് ലോകത്തിനായി ഏറെ ചെയ്യാനുണ്ടാകും. ജല ദൗർലഭ്യത്തിന്റെയും അനുബന്ധ പ്രശനങ്ങളുടെയും എണ്ണവും വ്യാപ്തിയും വെച്ചു നോക്കിയാൽ "Water journalits" -ന്റെ ഒരു അക്ഷൗഹിണിപ്പട തന്നെ വേണ്ടി വന്നേക്കാം. എന്നാൽ അവരുടെ പേനത്തുമ്പിൽ നിന്നും ഉതിരുന്ന അക്ഷരമണികൾക്ക് ആധികാരികതയും മൂർച്ചയും വേണമെങ്കിൽ ആഴത്തിലുള്ള അറിവും വിശകലന പാടവും സർവ്വോപരി അങ്ങേയറ്റം ആത്മാർത്ഥതയും വേണം. മറിച്ചാണെങ്കിൽ ഗുണത്തേക്കളേറെ ദോഷമാവും ഉണ്ടാവുക.

**പദ്രേ എന്ന "Water Journalits" ന്റെ കണ്ണിലൂടെ നോക്കിയാൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് കേരളം ഇന്നഭിമുഖികരിക്കുന്ന എറ്റവും നീറുന്ന പ്രശ്നം എന്തായിരിക്കും?**

സംശയമെന്ത്, ഇവിടെയുള്ളവരുടെ മനോഭാവം തന്നെ. ഒരു മാസം മുപ്പതിനായിരം രൂപ വരുമാനമുള്ള ഒരാൾക്ക് കേവലം ആയിരത്തഞ്ഞൂറുരൂപ മുടക്കി സ്വന്തം മുറ്റത്തെ കിണറ്റിലെ ജലനിരപ്പുയർത്താനുള്ള മനസ്സില്ല, സബ്സിഡിയുണ്ടെങ്കിൽ നോക്കാം എന്ന ചിന്ത. ബോളീവിയിലെ പ്രവർത്തനങ്ങളെക്കുറിച്ച് വാചാലമാകുന്ന നാം സ്വന്തം തൊടിയെക്കുറിച്ച് മറക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുറന്ന കിണറുകളുടെ ഒരു അമൂല്യസമ്പത്ത് നമ്മുടെ നാട്ടിലുണ്ട്. തൃശൂരിൽ ആരംഭിച്ച മഴപ്പൊലിമ കിണറുകളുടെ സംരക്ഷണം മുഖ്യലക്ഷ്യമായി കണ്ടു കൊണ്ടുള്ള ഒരു പദ്ധതിയാണ്.

**നമ്മുടെ ഗ്രാമങ്ങൾ ദ്രുതഗതിയിൽ നഗരവൽക്കരിക്കപ്പെടുന്നു, ഇനിയൊരു തിരിച്ചുപോക്ക് എത്രതന്നെ സാധിക്കും? ഇത്രയും ജനസാന്ദ്രതയുള്ള ഇടങ്ങളിൽ തുറന്ന കിണറുകളെ മാത്രം ആശ്രയിച്ച് ശുദ്ധജലം ഉറപ്പുവരുത്താനാകുമോ?**

കുടിക്കാനും പാചക ആവശ്യത്തിനുമായി മറ്റു സ്രോതസ്സുകളെ ആശ്രയിച്ചാലും, ബാക്കി ആവശ്യങ്ങൾക്കുള്ള ജലം ഈ രീതിയിൽ കണ്ടെത്താം. അതിനുപകരം നാട്ടിലാകെ ധാരാളം കുഴൽക്കിണറുകൾ കുത്തി, ഭൂഗർഭജലനിരപ്പ് ആശങ്കാജനകമായ വിധം താഴ്ത്തി, തീരപ്രദേശങ്ങളിലും കൃഷിയിടങ്ങളിലും ലവണാംശം കൂട്ടി-നമുക്കെത്ര നാൾ പിടിച്ചു നിൽക്കാനാകും. കേരളത്തിൽ ധാരാളം സംഘടനകൾ ഈ രംഗത്ത് ശ്ലാഘനീയങ്ങളായ പലപ്രവർത്തനങ്ങൾക്കും തുടക്കമിട്ടിട്ടുണ്ട്. മലയാള മനോരമയുടെ നേതൃത്വത്തിൽ ആരംഭിച്ച പലതുള്ളി ഒരു ദാഹരണമാണ്. ജനപങ്കാളിത്തത്തോടെയുള്ള ജലസംരക്ഷണത്തെക്കുറിച്ച് സർക്കാരിനെ ഗൗരവമായി ചിന്തിപ്പിക്കാൻ ഈയൊരുപദ്ധതിക്കു കഴിഞ്ഞു. ഇതിനിടയിൽ അത്ര സുഖകരമല്ലാത്ത ചില കാര്യങ്ങളുമുണ്ട്. ഉദാഹരണമായി ഫെറോസിമന്റ് ടാങ്കിന് നൽകുന്ന അമിതപ്രാധാന്യം. കേവലം അഞ്ഞൂറു രൂപാ മുടക്കി തൊടിയിലെ കിണറ്റിൽ ജലനിരപ്പ് കൂട്ടുന്നതിനുപകരം 10000 മുടക്കി ഫെറോസിമന്റ് ടാങ്ക് പണിയുന്നു. അവയും ആവശ്യമുണ്ട്. പക്ഷെ അതു മാത്രമല്ല ഏക പോംവഴി.

**കാലാവസ്ഥാ വ്യതിയാനത്തിന്റേയും ആഗോളതാപനത്തിന്റെയും ദുരന്തഫലങ്ങൾ ഏറെ ബാധിക്കുന്നത് ജലലഭ്യതയേയും കൃഷിയേയുമാണല്ലോ. ഈ സന്ദേശം സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിനായി ഇന്ത്യയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ?**

ശാസ്ത്രസമൂഹം ഏതൊക്കെ അവകാശവാദങ്ങളുന്നയിച്ചാലും ഒരു സാധാരണ ഇന്ത്യൻ പൗരൻ ഇതിനെക്കുറിച്ച് എത്ര തന്നെ ബോധവാനാണ് എന്നതിൽ എനിക്ക് സംശയമുണ്ട്. ഒറ്റപ്പെട്ട വ്യക്തികളുടെ ശ്രമങ്ങൾ അധികമാരും അറിയാറുമില്ല. വയനാട്ടിലുള്ള എം.പി ചന്ദ്രനാഥ് (എം.പി. വീരേന്ദ്രകുമാറിന്റെ സഹോദരൻ) അദ്ദേഹത്തിന്റെ കാപ്പിത്തോട്ടത്തിൽ ആറ് ഏക്കർ സ്ഥലത്ത് കാടു വളർത്തുന്നത് ഒരു ഉദാഹരണം മാത്രം.

പറയാൻ മറന്ന മറ്റൊരു കാര്യമുണ്ട്. നമ്മുടെ മാധ്യമങ്ങൾ അറിയാതെ ചെയ്യുന്ന ചില തെറ്റുകളുണ്ട്. തരിശുനിലത്ത് ഒരാൾ കാടു വളർത്തി എന്നിരിക്കട്ടെ. നമ്മുടെ മാധ്യമങ്ങളും ചാനലുകളും അത് ഒരു ഉത്സവമാക്കും. പൂർവ്വികർ കൈമാറിയ വനമോ സർപ്പക്കാവോ വർഷങ്ങളായി സംരക്ഷിക്കുന്ന ഒരാളെ പലപ്പോഴും നാം തിരിച്ചറിയാറുപോലുമില്ല. ഇതിലൊരു വൈരുദ്ധ്യം തോന്നുന്നില്ലേ?

**കേവല പരിസ്ഥിതി വാദികൾ നമ്മുടെ വികസനത്തെ തടയുന്നു എന്ന് കേരളത്തിലെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവ് ഈയിടെ പറഞ്ഞു. ഒരു പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിൽ കോള - പെപ്സി പോലുള്ള കമ്പനികൾ നടത്തുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് എന്താണഭിപ്രായം?**

സംരക്ഷിക്കുന്നത് ഒരു ബിഷപ്പോ, ക്രിമിനലോ ആവട്ടെ, സംരക്ഷിക്കപ്പെടുന്ന ജലം ജീവജലം തന്നെ. പക്ഷെ അതിന്റെ പിന്നിലുള്ള യഥാർത്ഥലക്ഷ്യം എന്താണ് എന്നുള്ളതാണ് പ്രശ്നം. അവർ ഇവിടെയോ മറ്റുള്ള സ്ഥലത്തോ നടത്തുന്ന കുറ്റകൃത്യങ്ങളെ വെള്ള പൂശാനായുള്ള പ്രവർത്തനങ്ങളാണ് പലപ്പോഴും നടക്കുന്നത്. ഒരു വ്യവസായസംരംഭകനാകുക എന്നത് ഒരു കുറ്റകൃത്യമല്ല, ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രധാനം.

**ജീവശാസ്ത്രം ഐച്ഛികവിഷയമായി പഠിച്ച ഒരാൾ എന്ന നിലയിൽ ആസന്നമായ ജലക്ഷാമത്തെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് തരാൻ കഴിവുള്ള ജൈവസൂചികകളെ (bio - indicators) കുറിച്ച് എന്തെങ്കിലും?**

അതെക്കുറിച്ച് ആധികാരികമായി എനിക്കു സംസാരിക്കാനാവില്ല. തിരുപ്പതി യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ ഇതിനെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ചിതലുകൾ ഉപേക്ഷിച്ച പുറ്റുകൾ ഞങ്ങൾ പലപ്പോഴും ജലസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള സമയത്തിന്റെ അടയാളമായി കണക്കാക്കാറുണ്ട്.

**ജലസുരക്ഷയോളം തന്നെ പ്രാധാന്യമുള്ളതാണല്ലോ ഭക്ഷ്യസുരക്ഷയും. പക്ഷേ നമ്മുടെ പ്രധാന ഭക്ഷ്യവിഭവങ്ങളായ നെല്ല്, പച്ചക്കറി, വാഴ ഒക്കെ അധിക ജലം ആവശ്യമുള്ള വിളകളാണ്. കൃഷിരീതിയിൽ സമൂലമായ മാറ്റം ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ?.**

ഒറ്റവാക്കിൽ ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ഒരു ചോദ്യമാണിത്.ജലസംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള കൃഷിരീതി അവലംബിച്ചാൽ ഏതു വിളയും നമുക്ക് കൃഷി ചെയ്യാം.കേരളത്തിലെ വീട്ടുവളപ്പിലെ കൃഷി ഭക്ഷ്യസുരക്ഷ പദ്ധതിയിൽ മാതൃകയാവേണ്ടതാണ്. നമ്മുടെ ചുറ്റുമുള്ള ധാരാളം ചെടികളുണ്ട്. പ്രത്യേക ശ്രദ്ധയില്ലാതെ തന്നെ വളരുന്നവ. ഉദാ:ചക്ക, ചില ഇലക്കറികൾ. ഇവയുടെയൊക്കെ സാദ്ധ്യത ഉപയോഗപ്പെടുത്താം.

**എല്ലാവർക്കും എന്നേയ്ക്കും ജലസമൃദ്ധി ഉറപ്പുവരുത്താനായി എന്തെങ്കിലും സന്ദേശം?**

നമ്മുടെ രാജ്യത്തു നടത്തിയ എല്ലാ ജലസംഭരണപ്രവർത്തനങ്ങളെയും കുറിച്ച് ആഴത്തിൽ പഠിക്കുക, അവയെ വിലയിരുത്തുക, ജനപങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, ഇവയിൽ നിന്നും ഏറ്റവും സുസ്ഥിരമായ മാർഗ്ഗങ്ങൾ നമുക്ക് കണ്ടെത്താനാകും. ഇതേക്കുറിച്ചുള്ള അറിവുകൾ സാധാരണ ജനങ്ങളിലേക്കെത്തിക്കൂ; ജലലഭ്യതയ്ക്ക് കോട്ടം തട്ടുന്നതരത്തിലുള്ള പ്രവർത്തനങ്ങളിൽ നിന്നും അവർ താനെ പിന്തിരിയും.

shreepadre@gmail.com
ph : 08251266148

## കാർട്ടൂൺ

കെ.ബി. മധുസൂദനൻ




കേരളീയം

**പുസ്തകശാല**

**പുസ്തകങ്ങൾ**

1. ഇല്ലംനിറ (കഥകൾ)
   കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും
   ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം
   എഡിറ്റർ : ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചുകൾ
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം
കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 04872421385
keraleeyamtcr@rediffmail.com

## പരിസ്ഥിതി ബോധവത്കരണ ക്യാംപ്

ഒരേ ഭൂമി ഒരേ ജീവൻ യുവജന വിഭാഗവും ആശ്രയം കൊല്ലങ്കോടും സംയുക്തമായി പരിസ്ഥിതി ബോധവത്കരണ ക്യാംപ് നടത്തുന്നു. ജൂലൈ 4,5 തീയതികളിൽ നെല്ലിയാംപതിയിൽ വച്ചാണ് ക്യാംപ്. ടോണി തോമസ്, കെ.വി ശിവപ്രസാദ്, ഗുരുവായൂരപ്പൻ എന്നിവർ ക്ലാസുകൾ നയിക്കും. ക്യാംപിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ജൂലൈ 4ന് രാവിലെ 8.30ന് മുൻപായി നെൻമാറ ബസ്സ്റ്റാന്റിൽ എത്തേണ്ടതാണ്.

ബന്ധങ്ങൾക്ക് :
***അശോകൻ ആശ്രയം, 9349943941***